## 15 -ാം കേരള നിയമസഭ

## 6 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1092** **29-08-2022 - ൽ മറുപടിയ്ക്ക്**

## യു.ഐ.ഡി.എസ്.എസ്.എം.ടി. കുടിവെള്ള പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തലശ്ശേരി മണ്ഡലത്തിലെ തലശ്ശേരി മുനിസിപ്പാലിറ്റിയിൽ നടപ്പിലാക്കുന്ന യു.ഐ.ഡി.എസ്.എസ്.എം.ടി. (അർബൻ ഇൻഫ്രസ്റ്റ്റക്ചർ ഡെവലപ്പമെന്റ സ്കീം ഫോർ സേ്മാൽ & മീഡിയം Townsടൗൺ) കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | തലശ്ശേരി മണ്ഡലത്തിലെ തലശ്ശേരി മുനിസിപ്പാലിറ്റിയിൽ 4 പാക്കേജുകളിലായി നടപ്പിലാക്കുന്ന UIDSSMT കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ താഴെപ്പറയും പ്രകാരമാണ്.<br><br><u>പാക്കേജ് I</u>: മയിലാടി ശുദ്ധീകരണ ശാലയിൽ നിന്നും തലശ്ശേരിയിലേക്കുള്ള ഗ്രാവിറ്റി മെയിൻ സ്ഥാപിക്കുകയും അഞ്ചരക്കണ്ടി, ചാമ്പാട്, കാളിയിൽ, കൊട്ടുവള്ളി എന്നിവിടങ്ങളിൽ പൈപ്പ് ലൈൻ ബ്രിഡ്ജ് നിർമ്മാണം 17.6 കി മീ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി എന്നിവ പൂർത്തീകരിക്കുകയും ചെയ്തു.<br><u>പാക്കേജ് II.</u> രണ്ട് സോണുകളിലായി നടപ്പിലാക്കുന്ന പ്രവൃത്തികളിൽ വിതരണ ശൃംഖല അഭിവൃദ്ധിപ്പെടുത്തലും മൊറക്കുന്നു, ചിറക്കക്കാവ് എന്നിവിടങ്ങളിൽ ഉന്നതതല സംഭരണിയുമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ വിതരണ ശൃംഖല അഭിവൃദ്ധിപ്പെടുത്തലും മൊറക്കുന്നിലെ ഉന്നത സംഭരണിയുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്.<br><br><u>പാക്കേജ് III.</u> രണ്ട് സോണുകളിലായി നടപ്പിലാക്കുന്ന പ്രവൃത്തികളിൽ കൊട്ടുവള്ളിയിലും, തലായിലും ജല സംഭരണി സ്ഥാപിക്കലും വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയുമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ 2.13കി.മീ. നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കലും ജലസംഭരണിയുടെ ഗ്രൗണ്ട് ലെവൽ വരെയുള്ള പ്രവൃത്തികളും മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്.<br><br><u>പാക്കേജ് IV</u>. കീഴല്ലൂർ പമ്പ് ഹൗസിലെയും ജല ശുദ്ധീകരണ ശാലയിലെയും മെക്കാനിക്കൽ, ഇലക്ട്രിക്കൽ ഘടകങ്ങളുടെ അറ്റകുറ്റ പണികൾ |

| | | | |
|---|---|---|---|
| | | | എന്നിവയാണ് പാക്കേജ് IV ൽ ഉൾപ്പെട്ടത്. പ്രവൃത്തി പൂർത്തീകരിച്ചു. |
| (ബി) | പ്രസ്തുത പദ്ധതിയിൻ കീഴിൽ ഇനിയും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എന്തൊക്കെയാണെന്നും ആയതിന്റെ കാരണം എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ; | (ബി) | **<u>പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ ചുവടെ ചേർക്കുന്നു</u>**<br><br><u>പാക്കേജ്II.</u> ചിറക്കാവിനടുത്തുള്ള സംഭരണിയുടെ ഫിനിഷിങ് പ്രവൃത്തിയും വിതരണ ശൃംഖല ബന്ധിപ്പിക്കുന്ന പ്രവൃത്തിയും പൂർത്തീകരിക്കാൻ ബാക്കിയുണ്ട്. കരാറുകാരൻ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ കരാർ റദ്ദ് ചെയ്തിരിക്കുകയാണ്.<br><u>പാക്കേജ് III</u>. ബാക്കി പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയും ജലസംഭരണികളുടെ തുടർപ്രവർത്തനങ്ങളും ബാക്കിയുണ്ട് പ്രവൃത്തികൾ മന്ദഗതിയിൽ ആയതിനാലും കരാറുകാരന്റെ ഭാഗത്തുനിന്നും പ്രവൃത്തി പൂർത്തീകരിക്കാൻ യാതൊരു നടപടിയില്ലാത്തതിനാലും പ്രസ്തുത കരാർ റദ്ദ് ചെയ്യുകയാണ് ഉണ്ടായത്. |
| (സി) | പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടിക്രമങ്ങളാണ് ശേഷിക്കുന്നതെന്നും ആയത് അടിയന്തരമായി പൂർത്തീകരിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ? | (സി) | <u>പാക്കേജ്</u>II. ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി തലശ്ശേരി മുനിസിപ്പാലിറ്റി 172 ലക്ഷം രൂപ വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിലേക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ആയത് പ്രകാരം ബാക്കിയുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.<br><u>പാക്കേജ്</u>III. പ്രവൃത്തി കരാറുകാരന്റെ ഉത്തരവാദിത്വത്തിലും ചെലവിലും നടത്തുന്നതിനായി ദർഘാസ് നടത്തുകയുണ്ടായി. എന്നാൽ ഉയർന്ന നിരക്ക് ക്വാട്ട് ചെയ്തതിനാൽ ടെൻഡറിന് അംഗീകാരം നല്കിയിരുന്നില്ല. ഈ പ്രവൃത്തികൾ അർബൻ വാട്ടർ സപ്ലൈ സ്കീം ഇമ്പ്രൂവ്മെന്റിൽ (സ്റ്റേറ്റ് പ്ലാൻ) ഉൾപ്പെടുത്തി അംഗീകാരം നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ